GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10-07-2021

1. **അറിയിപ്പ്**

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ ക്രോപ്സ് ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന നഴ്സറി നിർമ്മാണം, പാക്ക് ഹൗസ്, പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസിംഗ് യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ് റീട്ടെയ്ൽ മാർക്കറ്റ് /ഔട്ട്ലെറ്റ് എന്നീ പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് ധനസഹായത്തിനുള്ള അപേക്ഷകൾ പ്രോജ്ക്ട് സഹിതം ക്ഷണിക്കുന്നു. പുകപ്പുര, ഉന്തുവണ്ടി/പ്ലാറ്റ്ഫോം വിത്ത് കൂൾ ചേമ്പർ എന്നിവയ്ക്ക് പ്രോജക്ട് ഇല്ലാതെ തന്നെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് 0484- 2422224

2. **വിള ഇൻഷുറൻസ് പദ്ധതി രജിസ്ട്രേഷൻ**

ഖാരിഫ് 2021 സീസണിലേക്കുള്ള പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയുടേയും കാലാവസ്ഥാധിഷ്ഠിതവിള ഇൻഷുറൻസ് പദ്ധതിയുടേയും സ്പെഷ്യൽ രജിസ്ട്രേഷൻ ക്യാമ്പയിൻ ജൂലായ് 12 മുതൽ 16 വരെകോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്നതാണ്. പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന വായ്പ എടുക്കാത്ത കർഷകർ ആധാർകാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ്, നികുതിച്ചീട്ട്, പാട്ടകൃഷിയുണ്ടെങ്കിൽ പാട്ടച്ചീട്ട് എന്നിവയുടെ കോപ്പിയുമായി ഏറ്റവും അടുത്തുള്ള കേന്ദ്രഗവൺമെന്റിന്റെ ഡിജിറ്റൽ സേവാകേന്ദ്രങ്ങളെയോ (CSC) അക്ഷയകേന്ദ്രങ്ങളെയോ സമീപിക്കേണ്ടതാണ്.

**ഓൺലൈൻ പരിശീലന പരിപാടികൾ**

3. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (10.07.2021) രാവിലെ 11 മുതൽ 12 മണിവരെ റാപ്പിഡ് മൾട്ടിപ്ലിക്കേഷൻ

ഓഫ് ട്യൂബർ ക്രോപ്സ് എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു.തിരുവനന്തപരുംകേന്ദ്ര കിഴങ്ങുവർഗ്ഗ വിളഗവേഷണസ്ഥാപനം പ്രിൻസിപ്പൽ സയന്റിസിസ്റ്റ് ഡോ. എസ്. സുനിത നയിക്കുന്ന പരിശീലനം **സമേതി കേരളയുടെ ഫേസ്ബുക്ക്** പേജിൽ തത്സമയം സംപ്രേക്ഷണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് **-9349482600**

4. **ോകരള വെറ്ററിനറിസർവകലാശാല**യുടെ വിജ്ഞാനവ്യാപന വിഭാഗം ഇന്ന് (10-07-2021) വൈകിട്ട് 5 മണിക്ക് **വാണിജ്യാടിസ്ഥാനത്തിലുള്ള പന്നി വളർത്തൽ- പന്നികളുടെ തീറ്റയും തീറ്റക്രമവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. ഡോ.ദീപു എം.ടി. ആണ് പരിശീലനം നയിക്കുന്നത്. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി ഇനി പറയുന്നു. **999 521 3500.** കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക**9446714462.**

5. **ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും ഇന്ന്** (10.07.2021) **ന് ഓമനമൃഗങ്ങളിലെ പരാദരോഗങ്ങൾ**എന്ന വിഷയത്തിൽഡോ. വിനോദ്കുമാർ പരിശീലനം നൽകുന്നു. കൂടുതൽവിവരങ്ങൾക്കും പേര് രജിസ്റ്റർചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക **-9446424556**

6. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തചന്റ** ഈ മാസം 14-ന് ***കാടവളർത്തൽ*** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

7. **വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോ**ടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽവച്ച് ഈ മാസം 15-ന്**ആനന്ദകരമായ ആയാസരഹിതമായ**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക. **9400831831, 9400289642.**

**ഇ-മെയിൽ** sfftraining2021@gmail.com

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം 21 ന് **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479- 2457778** എന്ന നമ്പരിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേതാണ്

## അറിയിപ്പുകൾ

9. ഭാരതീയ പ്രകൃതികൃഷി പദ്ധതി (BPKP) യിൽ അംഗമാകുന്നതിനായി ജൂലൈ 12 നകം അപേക്ഷനൽകണമെന്നും അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകളും, മികച്ചയിനം കുരുമുളക് തൈകളും ആവശ്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണമെന്നും പിണ്ടിമന കൃഷിഓഫീസർ അറിയിക്കുന്നു.

10. ആലുവ കൃഷിഭവനിൽ എസ്എച്ച്എം പോഷകതോട്ട പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്ക് കിറ്റ് വിതരണം തുടങ്ങി.

11. ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് 2021-22 ജനകീയാസൂത്രണ പദ്ധതിയിൽ കൃഷിഭവൻ വഴി നടപ്പിലാക്കുന്ന തെങ്ങിനുള്ള ജൈവവളത്തിന്റെ പെർമിറ്റ് വിതരണം ആരംഭിച്ചു.

12. എറണാകുളം ജില്ലയിലെ വയറ്റില, മാറാട്, കുമ്പളം, കുമ്പളങ്ങി, ചെല്ലാനം, തിരുവാൻകുളം, ത്രിപൂണിത്തുറ എന്നീ കൃഷിഭവനുകളിൽ സൗജന്യ പച്ചക്കറികിറ്റുകളും WCT തെങ്ങിൻ തൈകളും ലഭ്യമാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

13. കേരകേരളം സമൃദ്ധകേരളം പദ്ധതിതയുടെ ഭാഗമായി ഗുണമേൻമയുള്ള നാടൻ തെങ്ങിൻ തൈകൾ ആവശ്യമുള്ളവർ ഏലൂർ കൃഷി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരു